# Meelad Conference - 05

05-05-05




അബൂദാബിയിലെ സുഡാനി സെൻററിൽ എസ്. വൈ. എസ്. & മർകസ് കമ്മിറ്റി സംഘടിപ്പിച്ച മീലാദ് സമ്മേളനത്തിൽ സയിദ് അലി അൽ ഹാശിമി പ്രാർഥനക്ക് നേതൃത്വം നൽകുന്നു.

## Inside This Issue


Inaugural Speech - Syed Ali Al Hashimi

Main Speech – Sh. A. P. Aboobakar Musliyar

Presidential Speech: Syed Husain Koya Thangal

Meelad Message Speech – Dr. Husain Saqafi

Felicitations – Prof. Dr. Ahmad Haq Al Kanduz




## പ്രവാചക സന്ദേശം ഉൾക്കൊള്ളാനും പ്രചരിപ്പിക്കാനും തയാറാകുക: അലി അൽ ഹാശിമി.

അബൂദാബി: മഹാനായ റസൂൽ കരീം (സ.അ.) യുടെ ബഹുമാനം നാം എപ്പോഴും സൂക്ഷിക്കുക. പരിശുദ്ധ ഖുർആനിൽ മറ്റു പ്രവാചകരെയെല്ലാം അവരുടെ പേരെടുത്ത് പരാമർശിച്ചപ്പോൾ, മുഹമ്മദ് നബി (സ. അ.) യുടെ പേരിന് പകരം ബഹുമാന സൂചകങ്ങളായ പര്യായ പദങ്ങളെ ഉപയോഗിച്ചിട്ടില്ലു. നാമും അതെ രീതിയിൽ പ്രവാചകനെ ബഹുമാനിക്കാനും ആ പാദങ്ങൾ പിൻപെറ്റാനും ബാധ്യസ്ഥരാണെന്ന് യു. എ, ഇ. പ്രസിഡണ്ടിൻെറ മതകാര്യ ഉപദേഷ്ടാവായ ഷൈഖ് സയിദ് അലി അൽ ഹാഷിമി പ്രസ്ഥാവിച്ചു. അബൂദാബിയിലെ സുഡാനി സെൻററിൽ എസ്. വൈ. എസ്. & മർകസ് കമ്മിറ്റി സംഘടിപ്പിച്ച മീലാദ് സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രവാചകാധ്യാപനങ്ങൾ ലോകത്തിൽ പ്രചരിപ്പിക്കുകയും, പ്രാവർത്തികമാക്കുകയും ചെയ്താൽ ലോകസമാധാനം നമുക്ക് സമീപ ഭാവിയിൽ പ്രത്യാശിക്കാം. അതിന് നാം തയാറാകണാം. കാന്തപുരം എ. പി. അബൂബക്കർ മുസ്‌ലിയാർ ഇന്ത്യയിൽ നടത്തുന്ന വിവിധ മത-സാമൂഹിക പ്രവർത്തനങ്ങൾ നേരിൽ ദർശിച്ചവനാണ് ഞാനും ഇവിടുത്തെ മറ്റു ഭരണാധികാരികളും. ഈ മഹത്തായ പരിപാടിയും അദ്ദേഹത്തിൻെറ പ്രവർത്തനങ്ങളുടെ ഭാഗങ്ങൾ തന്നെയാണെന്ന് ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിൻെറ സേവനങ്ങൾക്ക് നാം കരുത്തേകണമെന്ന് അലി അൽ ഹാഷിമി ആവശ്യപ്പെട്ടു.

## നബി(സ.അ.)യുടെ പാത പിൻപറ്റുക - ശൈഖുനാ കാന്തപുരം.

നാം നബി(സ.അ.)യെ പിൻപറ്റി ജീവിക്കാൻ എപ്പോഴും ശ്രമിക്കണം. മഹാനായ റസൂലിൻെറ ജന്മം ലോക ജനതയ്ക്ക് സന്തോഷം നൽകുന്നതാണ്. അതിനാൽ നബിദിനാഘോഷവും മുസ്‌ലിംകളുടെ സന്തോഷം പ്രകടിപ്പിക്കുന്നതാണ്. ലോകത്തെല്ലായിട ത്തും ഇപ്പോൾ മഹാനായ റസൂലിൻെറ നബിദിനം വിപുലമായി ആഘോഷിക്കുകയാണ്. സ്വഹാബികളുടെ ജീവിതം മുഴുവൻ നബി(സ.അ.)യെ സ്നേഹം വെച്ചും ദീനിന് വേണ്ടി നില നിന്നും മാത്രമാണ്

അല്ലാഹുവിൻെറയും പ്രവാചകൻെറയും സ്നേഹം കരസ്ഥമാക്കാൻ പൂർവ സൂരികൾ ചെയ്ത സേവനങ്ങളുടെ ചെറിയ ഒരംശമെങ്കിലും നമുക്ക് ചെയ്യാൻ കഴിയണമെന്ന് ശൈഖുനാ കാന്തപുരം ഉപദേശിച്ചു. മീലാദ് സമ്മേളനത്തിൽ മുഖ്യ പ്രഭാഷാണം നടത്തുകയായിരുന്നുവദ്ദേഹം.

മഹാനായ ശൈഖ് സായിദിൻെറ പരലോക മോക്ഷത്തിന് നാം പ്രാർഥിക്കണം. അദ്ദേഹവും മറ്റു ഭരണാധികാരികളും ഇവിടെ യു. എ. ഇയിൽ വിദേശികൾക്ക് ചെയ്തു തന്ന സഹായങ്ങൾ നമുക്ക് മറക്കാൻ കഴിയുകയില്ല.

കേരളത്തിലെ ഓരോ പുരോഗതിയിലും ഇവിടുത്തെ സഹായങ്ങളുടെ ഭാഗങ്ങളാണുള്ളത്.




യു. എ, ഇ. പ്രസിഡണ്ടിൻെറ മതകാര്യ ഉപദേഷ്ടാവായ ഷൈഖ് സയിദ് അലി അൽ ഹാഷിമി മീലാദ് സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു

അപൂർവ നിമിഷങ്ങൾ



**<u>സി. ഡികളുടെ റിക്കാഡ് വിൽപന:</u>**
നബിദിന സമ്മേളനത്തിൽ ആയിരത്തിലധികം സി. ഡികൾ വിൽപനയായി. കൂടുതൽ ചിലവായത് കാന്തപുരം ഉസ്താദിൻെറ മദ്ഹുൽ റസൂൽ എന്ന വി. സി. ഡിയാണ്. വിലക്കുറവിൽ സി. ഡി. കൾ നൽകാനുള്ള സംഘാടകരുടെ തീരുമാനം സാധാരണക്കാർക്ക് ആശ്വാസമായെന്ന് സി. ഡി. വിൽപന നിയന്ത്രിച്ച കുഞ്ഞു അഭിപ്രായപ്പെട്ടു.




ശൈഖുനാ കാന്തപുരം എ. പി. ഉസ്താദ് മീലാദ് സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുന്നു.

## <u>സമസ്തയുടെ കീഴ് ഘടങ്ങൾ എസ്. വൈ. എസും., എസ്. എസ്. എഫും മാത്രം.</u>


## <u>ശൈഖുനാ എ. പി. ഉസ്താദ്</u>

സമസ്തയുടെ കീഴ് ഘടങ്ങൾ എസ്. വൈ. എസും. എസ്. എസ്. എഫും മാത്രമണ്. അതുകൊണ്ട് തന്നെ എസ്. വൈ. എസിൻെറയും, എസ്. എസ്. എഫിൻെറയും പ്രവർത്തനങ്ങളിൽ എല്ലാവരും പങ്കാളികളാവണം. നമുക്ക് ആഖിറത്തിൽ പ്രതിഫലം ലഭിക്കുന്ന പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കണം. എ. പി. ഉസ്താദ് മീലാദ് സമ്മേളനത്തിൽ, സദസ്സിനോട് ആവശ്യപ്പെട്ടു.




പ്രൊഫ. ഡോ. അഹ്മദ് ഹഖ് അൽ കൻടൂസ് (ചാൻസലർ, റൊട്ടർഡാൻ ഇസ് ലാമിക് യൂനിവേർസിറ്റി) ആശംസാ പ്രസംഗം നടത്തുന്നു

മുഹമ്മദ് നബി (സ.അ.) നമ്മെ ഏൽപിച്ച ദൗത്യം യഥാർത്ഥ ഇസ്ലാമിനെ പ്രചരിപ്പിക്കുവാനും പ്രായോഗികമാക്കുവാനുമാണ്. നാം അതിന് തയാറകുക. പ്രൊഫ. ഡോ. അഹ്മദ് ഹഖ് അൽ കൻടൂസ് (ചാൻസലർ, റൊട്ടർഡാൻ ഇസ് ലാമിക് യൂനിവേർസിറ്റി) പ്രസ്ഥാവിച്ചു, ആശംസാ പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.





ഉൾക്കൊള്ളാനാവാത്ത സദസ്സ് സംഘാടകരുടെ കണക്ക് കൂട്ടലുകൾ തെറ്റിച്ചു...
ക്ഷമിക്കുക.... സ്ഥലം ലഭിക്കാതെ പലർക്കും തിരിച്ചു പോകേണ്ടിവന്നതിൽ..,








പരിപാടിയുടെ സമാപനം കുറിച്ച് അൽ ബതീൻ അറബി ടീമിൻെറ സ്വത ശൈലിയിലുള്ള ബുർദ പാരായണം സദസ്സിന് പുത്തൻ അനുഭൂതി നൽകി.

## സമ്മേളന റിപ്പോർട്ട് പത്ര താളുകളിൽ.. .. ..



# الجالية الهندية تحتفل بالمولد النبوي

أبوظبي - إبراهيم السطري:

نظمت الجالية الهندية الليلة قبل الماضية احتفالاً في النادي السوداني في أبوظبي بمناسبة ذكرى المولد النبوي الشريف بحضور علي الهاشمي مستشار الشؤون الدينية والقضائية في قصر الرئاسة.

حضر الاحتفال فضيلة الداعية الهندي الشيخ أبو بكر بن أحمد رئيس جمعية كبار العلماء السنة في الهند، والدكتور أحمد كندور رئيس الجامعة الإسلامية في هولندا، وعدد من أصحاب الفضيلة العلماء، وحشد غفير من أبناء الجالية.

بدأ الاحتفال بتلاوة آيات من القرآن الكريم والدعاء للمغفور له الشيخ زايد بن سلطان آل نهيان، وألقى فضيلة الشيخ أبو بكر كلمة حث المسلمين فيها على اغتنام هذه الأيام في الصيام والعبادة والمزيد من الطاعات.

وأشاد بجهود الدولة التي أتاحت له ولأبناء الجالية الهندية الاحتفال على أرضها بميلاد النبي محمد (صلى الله عليه وسلم).

وألقى سماحة علي الهاشمي المستشار الديني والقضائي في قصر الرئاسة كلمة بيّن فيها معجزات المصطفى عليه السلام وقال انه كان عليه السلام من أفضل مخلوقات الله وأكرمها وأهذبها وأرفعها شأناً. ودعا للتمسك بهديه وسنته، وأشاد بجهود الداعية أبو بكر لما أنجزه في بلاده نصرة للإسلام والمسلمين في مشارف الأرض ومغاربها.

ودعا لصاحب السمو الشيخ خليفة بن زايد آل نهيان رئيس الدولة واخوانه أعضاء المجلس الأعلى حكام الإمارات وأولياء العهود بالتوفيق في نصرة قضايا الأمة ورفع شأنها.

وترحم على المغفور له الشيخ زايد بن سلطان آل نهيان ولتحرير المسجد الأقصى وفلسطين من أسر بني صهيون وتغيير حال الأمة بأفضل مما هي فيه. واختتم الحفل بكلمة للدكتور أحمد كندور رئيس الجامعة الإسلامية في هولندا أشار فيها إلى أن معجزات الرسول عليه السلام لا تعد ولا تحصى من البشر، وتفوق الألف معجزة.

علي الهاشمي واحمد كندور يتوسطان الحضور

تصوير: محمد حكيم

**Al Bayan Daily 06-May-05**

**Middle East Chandrika**
**07-05-05**



### മീലാദ് ഷരീഫും ബുർദ ആസ്വാദനവും

അബുദാബി: എസ്.വൈ.എസ്. അബുദാബി സെൻട്രൽ കമ്മിറ്റി സുഡാനി സെന്ററിൽ മീലാദ് ഷരീഫും ബുർദ ആസ്വാദനവും നടത്തി. യു.എ.ഇ. പ്രസിഡന്റിന്റെ മതകാര്യ ഉപദേഷ്ടാവ് അലി അൽ ഹാഷ്മി ഉദ്ഘാടനം ചെയ്തു. ഹുസൈൻകോയ അധ്യക്ഷത വഹിച്ചു. ഔഖാഫ് അണ്ടർ സെക്രട്ടറി അഹമ്മദ് മുബാറക് അൽകിന്ദി, ഡോ. ഹുസൈൻ സഖാഫി, കാന്തപുരം എ.പി.അബൂബക്കർ മുസ്ല്യാർ, അബ്ദുൽ ഹഖീം അൽ അസ്ഹരി പ്രഭാഷണം നടത്തി. റോട്ടർഡാം ഇസ്ലാമിക് യൂനിവേഴ്സിറ്റി ചാൻസലർ പ്രൊഫ. ഡോ. അഹമദ് ഹഖ് കാൻഡൂസ്, പ്രൊഫ. ഹംദാൻ സഈദ് ഹംദാൻ, പ്രൊഫ. സാബ്റി അമ്മാറി സംബന്ധിച്ചു.

പ്രോഗ്രാം കമ്മിറ്റി ചെയർമാൻ ഉസ്മാൻ സഖാഫി സ്വാഗതവും സിദ്ദീഖ് അൻവരി നന്ദിയും പറഞ്ഞു. ഹുസൈൻ മുസ്ല്യാർ മാട്ടൂൽ ഖുർആൻ പാരായണം നടത്തി. 2000ത്തോളം ആളുകൾ പങ്കെടുത്തു. യു.എ.ഇ. രാഷ്ട്രപിതാവ് ശൈഖ് സായിദിന്റെ ഖബറിടത്തിൽ ആയിരത്തോളം പേർ സിയാറത്ത് നടത്തി.



### 'പ്രവാചകാധ്യാപനങ്ങൾ ലോക സമാധാനത്തിന്"

അബുദാബി: മുഹമ്മദ് നബിയോടുള്ള ബഹുമാനം കാത്തുസൂക്ഷിക്കാൻ നാം ബാധ്യസ്ഥരാണെന്ന് യു.എ.ഇ പ്രസിഡന്റിന്റെ മതകാര്യ ഉപദേഷ്ടാവ് ശൈഖ് സായിദ് അലി അൽ ഹാശിമി പ്രസ്താവിച്ചു. അബുദാബിയിൽ സുഡാനി സെന്ററിൽ എസ്.വൈ.എസിന്റെയും മർകസ് കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മീലാദ് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രവാചകാധ്യാപനങ്ങൾ പ്രചരിപ്പിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്താൽ ലോക സമാധാനം കൈവരിക്കാനാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

പ്രൊഫ. അഹ്മദ് ഹഖ് അൽ കാൻഡൂസ്, എൻജിനീയർ മുഹമ്മദ് മുബാറക് അൽ കിന്ദി, എൻജിനീയർ സാബിറി അമ്മാറ, ഹംദാൻ സഈദ് ഹംദാൻ, ഡോ. ഹുസൈൻ സഖാഫി, അബ്ദുൽ ഹകീം അസ്ഹരി എന്നിവർ പ്രസംഗിച്ചു. മർകസ് പ്രസിഡന്റ് ഹുസൈൻ കോയ തങ്ങൾ അധ്യക്ഷത വഹിച്ചു. അൽ ബതീൻ അറബി സംഘത്തിന്റെ ബുർദ പാരായണവും നടന്നു. ഉസ്മാൻ സഖാഫി സ്വാഗതവും സിദ്ദീഖ് അൻവരി നന്ദിയും പറഞ്ഞു.

**Malayalam News 08-May-05**

*Please visit the following sites to see our reports on web portals.* ***www.risalaonline.com & www.gulfmalayaly.com***

## <u>ചരിത്ര വിജയത്തിന് നാഥന് സ്തുതി.</u>

യു. എ. ഇ. യിലെ മലയാളി സമൂഹത്തിന് ഒരു പുത്തൻ അനുഭൂതി നൽകിക്കൊണ്ട് പ്രവാചക പ്രകീർത്തനത്തിൻെറ അണപൊട്ടാത്ത ഒഴുക്കിന് ആയിരക്കണക്കിന ആളുകൾ സാക്ഷിയായപ്പോൾ സുന്നത്ത് ജമാഅത്തിൻെറ കരുത്തുറ്റ ഒരേ ഒരു യുവചേതനയുടെ - എസ്. വൈ. എസിൻെറ സുവർണചരിത്രത്തിൽ ഒരു പൊൻ തൂവൽ കൂടി തുന്നിച്ചേർക്കുകയായി. നാഥന് സകലമാന സ്തുതികളും.

ഈ ചരിത്ര വിജയത്തിന് അഹോരാത്രം പരിശ്രമിച്ച പ്രവർത്തകർ, സാമ്പത്തികമായി, ശാരീരികമായി, മാനസികമായി, നമ്മെ സഹായിച്ചവർ, നന്മ നിറഞ്ഞ ഉപദേശങ്ങൾ നൽകി നമ്മെ ആശിർവദിച്ചവർ, മാധ്യമ പ്രവർത്തകർ, തുടങ്ങി മുഴുവൻ പ്രസ്ഥാന ബന്ധുക്കളോടും, മറ്റു സഹകാരികളോടും നമ്മുടെ ഹൃദ്യംഗമായ നന്ദി വാക്കുകൾക്കതീതമായി.... നാഥൻ ഈ സേവനങ്ങൾ സൽക്കർമ്മമായി സ്വീകരിക്കട്ടെയെന്ന പ്രാർഥിക്കുന്നു.

കൺവീനർ,
സ്വാഗത സംഗം.
നബിദിന സമ്മേളനം 2005.

**<u>Our Special Thanks to:</u>**

**Mr. Moosa Haji,**
**(MD, Fathima Group of Companies)**
**Mr. Arif (GM, Lari Exchange)**
**Mr. Basheer (GM, Al Ansari Exchange)**
**Mr. Khan Saheb**
**(MD, Al Ibrahim Restaurant)**
**Mr. Saithu Haji**
**Bin Karam Hajj & Umra Service**
**Al Kifaya Pardha House**
**Atlas Opticals**
**7Star Rent-A-Car**

**<u>Our Special Thanks to:</u>**

**Habib Studio**
**Mr. A. Razak**
**Mr. Abdul Qader Haji**
**Mr. Mohd. Ali (Advertising)**
**Media Cells**
**Siraj Daily**
**Risala Weekly & Online Edition**
**Middle East Chandrika**
**Al Bayan Arabic Daily**
**Gulf Madhyamam**
**Malayalam News**
**Jeevan TV**

***Published By, Meelad Conference Program Committee Media Cell. (Chief Pulishing Officer: Hameed Iswaramangalam, Coordinators – Oasim Puratheel. Muneer Padanna & Abdulla Aman Ponmundam)***